XI TH EDITION

# *MACE MUN 2025*
# *KLA*

## *Agenda*

- സിനിമ മേഖലയിലെ സ്ത്രീ സുരക്ഷാ പര്യാപ്തമാക്കാൻ നടത്തിയ ശ്രമങ്ങളൊക്കെ വിജയിച്ചുവോ?

- പ്രബുദ്ധ കേരളം അന്ധവിശ്വാസത്തിൽ വീഴുന്നത് തടയാൻ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെ?

- ദുരിതാശ്വാസ പ്രവർത്തനങ്ങളും ദുരന്തനിവാരണ പദ്ധതികളും കൊണ്ടുവരുന്നതിൽ പാളിച്ചകൾ ഉണ്ടായിട്ടുണ്ടോ

# സിനിമാ മേഖലയിലെ സ്ത്രീ സുരക്ഷ പര്യാപ്തമാക്കാൻ നടത്തിയ ശ്രമങ്ങളൊക്കെ വിജയിച്ചിട്ടുണ്ടോ

## ഭരണപക്ഷത്തിന്റെ നയം

കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ (ഗളൈറര) യുടെ നേതൃത്വത്തിൽ സ്ത്രീപക്ഷ സിനിമകളും വനിതാ സംവിധായകരെയും പ്രോത്സാഹിപ്പിക്കുവാൻ പ്രവർത്തനങ്ങൾ നടത്തിയതും, ചലച്ചിത്ര മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനായി പരാതി പരിഹാര സെല്ല് ഓരോ സിനിമാ സെറ്റിലും രൂപീകരിക്കുവാൻ ഉള്ള നിർദ്ദേശങ്ങൾ നൽകുകയും, ഇന്റിമേറ്റ് ആയ രംഗങ്ങൾ ചിത്രീകരിക്കുമ്പോൾ അവിടെ ചൂഷണം വിദേശ ചലച്ചിത്ര നിർമ്മാണ മാതൃകയിൽ നടക്കാതിരിക്കാൻ വേണ്ടി ഇന്റിമേറ്റ് സീൻസ് ഡയറക്ടർ എന്ന പ്രത്യേക പദവി കൊണ്ടു വരുവാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തത് സർക്കാരിന്റെ നേട്ടങ്ങളായി ഉയർത്തിക്കാട്ടുന്നതാണ്. ഹണി റോസ് വിഷയത്തിൽ വനിതാ കമ്മീഷന്റെയും സർക്കാരിന്റെയും നേതൃത്വത്തിലുള്ള വളരെ പെട്ടെന്നുള്ള ഇടപെടൽ ഇത്തരത്തിൽ മാതൃകാപരമായി നമുക്ക് കാണാവുന്നതാണ്.

## പ്രതിപക്ഷത്തിന്റെ നയം

നടി ആക്രമിക്കപ്പെട്ട സംഭവം കേരള സിനിമ ചരിത്രത്തിലെ ഒരു കളങ്കമായി മാറിയതും അതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ തെളിവായ മെമ്മറി കാർഡിന്റെ ഹാഷ് വാല്യൂ മാറിയതിലൂടെ കൃത്രിമം നടന്നതായി കോടതി അഭിപ്രായപ്പെടുകയും ചെയ്തത് സർക്കാരിന് വലിയൊരു തിരിച്ചടിയായി മാറി. ഇതിനെ തുടർന്ന് ചലച്ചിത്ര മേഖലയിലെ സമഗ്ര ചൂഷണങ്ങളെ പറ്റിയും പഠിക്കുവാനായി കൊണ്ടുവന്ന കൊണ്ടുവന്ന ഹേമ കമ്മീഷൻ 2017 മുതൽ വളരെ വലിയ കാലതാമസത്തോടും ഭീമമായ ചിലവോടും കൂടി നടത്തിയ അവരുടെ പഠനത്തിൽ കാതലായ അന്വേഷണ തെളിവുകൾ മുന്നോട്ടുവെക്കുന്നതിലും കുറ്റവാളികളെ അഴിക്കുള്ളിൽ ആക്കുന്നതിലും വിജയിച്ചിട്ടുണ്ടോ എന്നത് ഇപ്പോഴും ഒരു ചോദ്യമായി നിലനിൽക്കുന്നു. ഹേമ കമ്മിറ്റി റിപ്പോർട്ട് വന്നതിനുശേഷം സിനിമ മേഖലയിലെ പലർക്കെതിരെയും ആരോപണങ്ങൾ ഉണ്ടാവുകയും അതിൽ സർക്കാർ അനുകൂലമായി നിന്ന പല സിനിമ പ്രവർത്തകർക്കും സർക്കാർ പിന്തുണ നൽകിയതായും ആക്ഷേപങ്ങൾ ഉയർന്നുവന്നിരുന്നു. ചലച്ചിത്രത്തിന്റെ അണിയറയിലുള്ള വനിത ടെക്നീഷ്യന്മാർക്ക് തുല്യവേതനം ലഭിക്കുന്നുണ്ടോ എന്നുള്ളതും പലപ്പോഴും പല സിനിമാ സെറ്റുകളിലും വസ്ത്രം മാറുവാനോ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാനോ സ്ത്രീകൾക്ക് പ്രത്യേകം ഒരിടം സജ്ജീകരിക്കുവാൻ ഇന്നും സർക്കാർ ഏജൻസികൾക്കോ സിനിമാ ബന്ധപ്പെട്ടുള്ള സംഘടനകൾക്കോ സാധിച്ചിട്ടില്ല എന്നത് ഇന്നും സർക്കാരിന് ഒരു അപമാനമായി നിലനിൽക്കുന്നു.

# ദുരിതാശ്വാസ പ്രവർത്തനങ്ങളും ദുരന്തനിവാരണ പദ്ധതികളും കൊണ്ടുവരുന്നതിൽ പാളിച്ചകൾ ഉണ്ടായിട്ടുണ്ടോ

## ഭരണപക്ഷത്തിന്റെ നയം

രാജ്യത്തെ നടുക്കിയ വയനാട് ദുരന്തത്തിൽ വളരെ പെട്ടെന്നുള്ള ഇടപെടലിലൂടെ നഷ്ടപ്പെട്ടു പോകുമായിരുന്ന ഒരുപാട് ജീവനുകൾ സംരക്ഷിക്കുവാനും ജീവനും സ്വത്തും നഷ്ടമായവരുടെ ആശ്രിതർക്ക് കൈത്താങ്ങ് നൽകുവാനും സർക്കാരിന് സാധിച്ചു.

കേന്ദ്രത്തിൽ നിന്നുള്ള സഹായം ലഭിക്കാതെ തന്നെ വയനാട്ടിലെ ജനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ നൽകി കൊടുക്കുവാൻ കേരള സർക്കാരിന് സാധിച്ചു എന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്.

ബ്രഹ്മപുരം പോലെയുള്ള വലിയ മാലിന്യ പ്രശ്നത്തെ പരിഹരിക്കുകയും അവിടെ നിന്ന് വളരെ സന്തോഷത്തോടുകൂടി ക്രിക്കറ്റ് കളിക്കുകയും ചെയ്യുന്ന ജനപ്രതിനിധികളെ ഇന്ന് നമുക്ക് കാണാം എന്നത് ഇത്തരം പ്രതിസന്ധികളെ എങ്ങനെ ഒരു സർക്കാർ കൃത്യമായി നേരിട്ടു എന്നതിന്റെ വളരെ മികച്ച ഒരു മാതൃകയാണ്. മഹാമാരി കാലത്തും കേരളത്തിന്റെ ആരോഗ്യമേഖല കൈവരിച്ച നേട്ടങ്ങളെ പറ്റി അന്താരാഷ്ട്ര മാധ്യമങ്ങൾ പോലും അഭിനന്ദിച്ചുകൊണ്ടുള്ള ലേഖനങ്ങൾ പങ്കുവെച്ചിട്ടുള്ളതാണ്. തുടരെത്തുടരെ നിപ്പ പോലെയുള്ള രോഗങ്ങൾ കേരളത്തിനെതിരെ വന്നിട്ടും അതിനെ തടുത്തു നിർത്തുവാൻ കേരളത്തിന്റെ ആരോഗ്യവകുപ്പിനും സാധിച്ചിട്ടുണ്ട്. എല്ലാറ്റിനും ഉപരി ഒറ്റക്കെട്ടായി നിന്നുകൊണ്ട് കേരളത്തിനുവേണ്ടി പ്രവർത്തിക്കുവാൻ സന്നദ്ധരായ ഒരു ഉദ്യോഗസ്ഥ വൃന്ദവും സർക്കാർ സ്ഥലവും ജനവും ഇവിടെ ഉണ്ട് എന്നുള്ളത് കേരളത്തിന്റെ ഏറ്റവും വലിയ നേട്ടമാണ്.

## പ്രതിപക്ഷത്തിന്റെ നയം

തുടരെത്തുടരെ ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങളെ ഫലപ്രദമായി നേരിടാൻ യാതൊരുവിധ ഏർലി വാണിംഗ് സിസ്റ്റം സംസ്ഥാനത്ത് ഇതുവരെയും നിലവിൽ വന്നിട്ടില്ല. വയനാട് ദുരന്തത്തിൽ തന്നെ സംവിധാനങ്ങൾ തമ്മിലുള്ള ഏകോപനം ഇല്ലായ്മ വലിയൊരു ചർച്ചയായി മാറിയിരുന്നു. മറ്റുള്ള സന്നദ്ധ സംഘടനകളുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളെ തടഞ്ഞുകൊണ്ട് സർക്കാർ അവിടെ ഇടപെട്ടത് രാഷ്ട്രീയപരമായും ഈ വിഷയം ചർച്ച ചെയ്യപ്പെടുന്നതിന് കാരണമായി. ദുരിതാശ്വാസ ഫണ്ട് ഏതൊക്കെ രീതിയിൽ വിനിയോഗിക്കപ്പെട്ടു എന്നുള്ളത് പൊതുമധ്യത്തിൽ ചർച്ച ചെയ്യുവാൻ സർക്കാരിന്നും തയ്യാറായിട്ടില്ല എന്നതും വലിയൊരു പോരായ്മ തന്നെയാണ്.

# പ്രബുദ്ധ കേരളം അന്ധകാരത്തിൽ വീഴുന്നത് തടയാൻ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെ

## പ്രതിപക്ഷത്തിന്റെ നയം

കേരള സാർ 100% ലിറ്ററസി സാർ എന്ന പദപ്രയോഗത്തിലൂടെ കേരളത്തെ അപമാനിക്കുവാൻ ഇന്ത്യ ഗോഡ് ലാറ്റൻഡ് എന്ന യൂട്യൂബ് പരിപാടിയിൽ വന്ന അഭിപ്രായത്തിനെതിരെ കേരളത്തിന്റെ നേട്ടങ്ങൾ എന്തൊക്കെയാണ് എന്ന് അക്കമിട്ട് നിരത്തുവാൻ കേരള സമൂഹത്തിന് സാധിച്ചു. ലോക പ്രസിദ്ധമായ കേരള മോഡൽ എന്ന കേരളത്തിന്റെ പ്രബുദ്ധത ആരോഗ്യം വിദ്യാഭ്യാസം സാംസ്കാരികം എന്നിങ്ങനെ പല മേഖലകളിലും ഉയർത്തിക്കൊണ്ടു വരുവാൻ സർക്കാരിന്റെ ഭാഗമായി ശ്രമങ്ങൾ ഉണ്ടായി. ശാസ്ത്രപരത ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുവാനുള്ള ശ്രമങ്ങൾ വിദ്യാഭ്യാസ കാലഘട്ടം മുതൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി പാഠപുസ്തകത്തിലൂടെ തന്നെ അന്ധവിശ്വാസങ്ങൾക്കെതിരായിട്ടുള്ള പാഠങ്ങൾ വിദ്യാർത്ഥികൾക്ക് പകർന്നു നൽകി. ദുരന്തമുഖത്ത് ഒറ്റക്കെട്ടായി നിന്നുകൊണ്ട് പ്രവർത്തിക്കുകയും അതിജീവിക്കുകയും ചെയ്തുകൊണ്ടും പഞ്ചമി നങ്ങേലി പോലെയുള്ള കേരള ചരിത്രത്തിൽ മൺമറഞ്ഞു പോയവരെ കേരള സാംസ്കാരിക ചരിത്രത്തിന്റെ അടയാളങ്ങളായി മാറ്റിക്കൊണ്ടും, മതവും തുല്യതയും തമ്മിൽ നേർക്കുനേർ വരുന്ന സന്ദർഭങ്ങളിൽ തുല്യതയോടൊപ്പം നിന്നുകൊണ്ടുള്ള നിലപാടുകൾ എടുത്തുകൊണ്ടും സർക്കാർ കേരളത്തെ അന്ധകാരത്തിൽനിന്ന് പ്രബുദ്ധതയിലേക്ക് കൊണ്ടുപോകുന്നതിൽ ഭാഗവാക്കായി

## പ്രതിപക്ഷത്തിന്റെ നയം

പാലാ ബിഷപ്പിന്റെ വസതിക്ക് നടത്തുന്ന ശിവലിംഗം കിട്ടിയെന്ന പ്രചരണത്തിലൂടെ ഉണ്ടാകുന്ന വർഗീയതയും ദിവ്യനായ സ്വാമി എന്ന അവകാശപ്പെടുന്ന നെയ്യാറ്റിൻകര ഗോപന്റെ വിഷയത്തിൽ കേരള ജനസമൂഹത്തിനിടയിൽ ഉണ്ടായ ഭിന്നിപ്പും കൃത്യമായ രീതിയിൽ പരിഹരിക്കുന്നതിൽ സർക്കാർ വിജയിച്ചിട്ടുണ്ടോ എന്നുള്ളത് സംശയകരമാണ്. വിശ്വാസപരമായ അന്ധകാരത്തിനും അപ്പുറത്ത് സാമൂഹികപരമായി കേരളം വളരെ താഴ്ന്ന നിലയിലേക്ക് പോയ ഒരു കാലഘട്ടം കൂടിയാണ് കഴിഞ്ഞു പോയത്. കോളേജുകളിലും സ്കൂൾ ക്യാമ്പസുകളിലും  നടക്കുന്ന റാഗിങ്ങ് പോലുള്ള  അനിഷ്ട സംഭവവികാസങ്ങൾ, ഉത്സവമേളകളിലും വന്യജീവി ആക്രമണങ്ങളിലും പൊലിയുന്ന അനേകം ജീവനുകൾ, ലഹരി യിലൂടെ തന്റെ അമ്മയുടെ പോലും ജീവൻ എടുക്കുന്ന മക്കൾ, വർദ്ധിച്ചുവരുന്ന പോക്സോ കേസുകൾ ഇവയൊക്കെ  വളരെ മോശമായ അവസ്ഥയിൽ കേരള സമൂഹത്തെ മാറ്റിയിരിക്കുന്നു എന്നുള്ളതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. ഇത്തരം വിഷയങ്ങൾ തടയുവാനോ ഇനി ഇത്തരത്തിൽ സംഭവങ്ങൾ ഉണ്ടാകാതെ ഇരിക്കുവാനോ സർക്കാരിന്റെ ഭാഗത്തുനിന്ന് മാർഗരേഖ ഒന്നും തന്നെ ഉണ്ടായി വന്നിട്ടില്ല എന്നത് ഒരു വലിയ പാളിച്ച തന്നെയാണ്.

## തയ്യാറെടുപ്പിനുള്ള മാർഗനിർദേശങ്ങൾ

1. നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിച്ചുകൊണ്ടായിരിക്കും നിങ്ങൾ പങ്കെടുക്കുക എന്നിരുന്നാലും ആ മണ്ഡലത്തിലെ നിലനിലക്കുന്ന ഭൂരിപക്ഷമുള്ള രാഷ്ട്രീയ പാർട്ടിയോടോ നിലവിലെ നിയമസഭാ അംഗങ്ങളോടോ നിങ്ങൾക്ക് യാതൊരു ബന്ധവുമുണ്ടായിരിക്കേണ്ടതില്ല.
2. ഭരണപക്ഷവും പ്രതിപക്ഷവുമായി അംഗങ്ങളെ തരംതിരിക്കുന്നത് സമ്മേളന ദിവസങ്ങളിൽ ആയിരിക്കും. ഭരണപക്ഷത്തിന്റെ ഭാഗമായും പ്രതിപക്ഷത്തിന്റെ ഭാഗമായും സംസാരിക്കാൻ തയ്യാറായിരിക്കണം അംഗങ്ങൾ.
3. അജണ്ടയുമായി ബന്ധപ്പെട്ടു, നിങ്ങളുടേത് നിയോജകമണ്ഡലത്തിലെ കാര്യങ്ങൾ നിങ്ങളുടെ തയ്യാറെടുപ്പിൽ ഉൾപ്പെടുത്തണം.

## GSL (General Speakers' List)

ഓരോ ദിവസത്തെയും സെഷനുകൾ ആരംഭിക്കുമ്പോൾ, ഒരു ഏടഘ സ്ഥാപിക്കേണ്ടതുണ്ട്. ചർച്ച ചെയ്യപ്പെടുന്ന അജണ്ടയുടെ പൊതുവായ വശങ്ങൾ അഭിസംബോധന ചെയ്യുന്ന സ്പീക്കർമാരുടെ ഒരു പട്ടികയാണ് ഏടഘ.
അംഗങ്ങളെ ഭരണപക്ഷമായും പ്രതിപക്ഷമായും തരംതിരിച്ച ശേഷം ആയിരിക്കും ഏടഘ ആരംഭിക്കുക.
ഏടഘ ആരംഭിക്കുന്നതിന് മുമ്പ്, ഋആ യുടെ ആവശ്യപ്പെടുന്നത് പ്രകാരം, നിയമസഭ മണ്ഡലത്തിന്റെ പേര് ഉൾക്കൊള്ളുന്ന പ്ലക്കാർഡ് ഉയർത്തിപ്പിടിക്കുന്ന അംഗങ്ങളായിരിക്കും ടുലമസലൃe' ഘശലെിൽ ഉൾപ്പെടുത്തുക.

## മോഡറേറ്റഡ് കോക്കസ്

ഒരു മോഡറേറ്റഡ് കോക്കസ് എന്നത് ഒരു അനൗപചാരിക സംവാദമാണ, അവിടെ പ്രതിനിധികൾ ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു. ഒരു പ്രത്യേക സമയ പരിധിക്കുള്ളിൽ വ്യക്തിഗത പ്രസംഗങ്ങളിലൂടെ അവർ അവരുടേത് അഭിപ്രായങ്ങൾ കമ്മിറ്റിയിൽ പ്രകടിപ്പിക്കും.
ഒരു ജിഎസ്എല്ലിന് ശേഷം ഒരു മോഡേറ്റഡ് കോക്കസ് ആരംഭിക്കണമെങ്കിൽ, ഇനിപ്പറയുന്ന രീതിയിൽ പ്രമേയം അവതരിപ്പിക്കണം:
'എക്സിക്യൂട്ടീവ് ബോർഡിന്റെ മുൻകൂർ അനുമതിയോടെ, ജിഎസ് എൽ താൽക്കാലികമായി നിർത്തിവച്ച്, ഓരോ സ്പീക്കർക്കും 60 സെക്കൻഡ് സമയം നൽകി, 15 മിനിറ്റ് നേരം പെൻഷൻ നിലവിലെ അവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യാനുള്ള മോഡേറ്റഡ് കോക്കസ് ആരംഭിക്കുന്നതിനുള്ള ഒരു പ്രമേയം ഞങ്ങളുടെ പ്രതിനിധി നിർദേശിക്കാൻ ആഗ്രഹിക്കുന്നു'.
പ്രമേയം പാസായാൽ മേൽപ്പറഞ്ഞിരിക്കുന്ന സമയപരിധിക്കുള്ളിൽ മോഡേറ്റഡ് കോക്കസ് നടക്കുന്നതായിരിക്കും.
പ്രമേയം അവതരിപ്പിച്ച അംഗത്തിന് അവരുടേത് താൽപര്യമനുസരിച്ച് ആദ്യം അല്ലെങ്കിൽ അവസാനമായി സംസാരിക്കാം.

# അൺ മോഡേറേറ്റഡ് കോക്കസ്

അനൗപചാരിക സെഷൻ ആയിരിക്കുകയും, മുറിയിൽ ചുറ്റിക്കറങ്ങുകയും ആളുകളുമായി ചർച്ച നടത്തുകയും അവരുടേത് കാഴ്ചപ്പാടുകൾ ബോധിപ്പിക്കുകയും പിന്തുണ നേടുകയും സംവാദത്തിന്റെ ഒഴുകോ ദിശയോ തീരുമാനിക്കുകയും പ്രമേയങ്ങൾ രൂപപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

ഒരു അൺ മോഡേറേറ്റഡ് കോക്കസ് ആരംഭിക്കണമെങ്കിൽ, ഇനിപ്പറയുന്ന രീതിയിൽ പ്രമേയം അവതരിപ്പിക്കണം:

'എക്സിക്യൂട്ടീവ് ബോർഡിന്റെ മുൻകൂർ അനുമതിയോടെ, ജിഎസ് എൽ താൽക്കാലികമായി നിർത്തിവച്ച് 15 മിനിറ്റ് നേരം കേരളത്തിലെ നിലവിലെ റോഡ് ട്രാഫിക് നിയമങ്ങളെ കുറിച്ച് ചർച്ച ചെയ്യാനുള്ള അൺ മോഡേറേറ്റഡ് കോക്കസ് ആരംഭിക്കുന്നതിനുള്ള ഒരു പ്രമേയം ഞങ്ങളുടെ പ്രതിനിധി നിർദേശിക്കാൻ ആഗ്രഹിക്കുന്നു'.

പ്രമേയം പാസ് ആകുന്ന ഉടനെത്തന്നെ അൺ മോഡേറേറ്റഡ് കോക്കസ് ആരംഭിക്കുന്നതാണ്.